**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

-----------------------------------------------------------------------------------

# അപ്പീൽ പരാതി നമ്പർ: P/062/2024
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: 19 -11- 2024**

പരാതിക്കാരൻ_ : ശ്രീ. മുഹമ്മദ് ഇബ്രാഹിം,കൊന്നോലവീട്
കണ്ണത്തുപാറ, ഡൗൺഹിൽ പി.ഒ ,മലപ്പുറം - 676519

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
മലപ്പുറം.

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ ശ്രീ. മുഹമ്മദ് ഇബ്രാഹിം ലൈസൻസി (KSEBL) യുടെ മലപ്പുറം ഈസ്റ്റ് ഇലക്ട്രിക് സെക്ഷന് കീഴിൽ വരുന്ന ഒരു ഗാർഹിക ഉപഭോക്താവാണ്. കൺസ്യൂമർ നമ്പർ 1165558017023 ആയുള്ള പരാതിക്കാരൻ 3 KW ശേഷിയുള്ള പുരപ്പുറ സൗരവൈദ്യുതി ഉല്പാദന സംവിധാനം സ്ഥാപിക്കുകയും 11/09/2023 ൽ ലൈസൻസിയുടെ വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തു. ആ സോളാർ പ്ലാന്റിൽ നിന്ന് ഉല്പാദിപ്പിച്ച വൈദ്യുതിക്ക് 11/09/2023 മുതൽ 31/03/24 വരെ 1.2 പൈസ നിരക്കിലും 01/04/2024 മുതൽ 1/08/2024 വരെ 15 പൈസ നിരക്കിലും Generation Duty ഈടാക്കിയിരുന്നു. ആഗസ്റ്റ് 2024 മുതൽ സോളാർ പ്ലാന്റിൽ നിന്ന് ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം ഡ്യൂട്ടി ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ solar meter record ചെയ്യുന്ന മുഴുവൻ ഉല്പാദനത്തിനും ലൈസൻസി duty കണക്കാക്കുന്നു. എന്നാൽ പരാതിക്കാരന്റെ വാദം Electricity Duty Act 1963 പ്രകാരം ഉല്പാദിപ്പിച്ച് സ്വയം ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമേ duty ഈടാക്കാൻ പാടുള്ളൂ. ഈ വാദം ലൈസൻസി അംഗീകരിക്കാത്തതിനാൽ CGRF -ൽ

പരാതി നൽകുകയുണ്ടായി. CGRF നടപടികൾ പൂർത്തിയാക്കി 13/08/2024 ൽ ഉത്തരവിറക്കി. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

പരാതിക്കാരനായ മുഹമ്മദ് ഇബ്രാഹിം കൊന്നോല എന്ന വ്യക്തിയുടെ 1165558017023 എന്ന കൺസ്യൂമർ നമ്പറിൽ KSEBL ന്റെ മലപ്പുറം ഈസ്റ്റ് സെക്ഷൻ പരിധിയിലുള്ള വീട്ടിൽ 11.09.2023 ന് പുരപ്പുറ സൗരോർജ പ്ലാന്റ് സ്ഥാപിച്ച പ്രവർത്തനമാരംഭിച്ചു. ഇതിനു ശേഷം വന്ന മാസത്തെ വൈദ്യുതി ബില്ലുകളിൽ മുമ്പുള്ള ബില്ലുകളിൽ കണ്ടിട്ടില്ലാത്ത ഒരു പുതിയ ഇനം ഡ്യൂട്ടി കൂടി self generation duty എന്ന പേരിൽ ഉൾപ്പെടുത്തിയതായി കണ്ടു. ഇത്തരം ഒരു ഡ്യൂട്ടി നിയമപരമാണോ എന്ന അന്വേഷണത്തിൽ 2003 ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമം പ്രാബല്യത്തിൽ വന്ന ശേഷം സൗരോർജ ഉല്പാദനംത്തിനും മറ്റും യാതൊരു വിധ ഡ്യൂട്ടികളും ഏർപ്പെടുത്താൻ പാടില്ലെന്ന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയതായി അറിയാൻ കണ്ടു. (ഊർജ്ജ മന്ത്രാലയത്തിന്റെ 25.7.2023 ലെ F . നോ.15/27/2023, 25.10.2023 ലെ സർക്കുലർ നമ്പർ F . No . 09/01/2023 RCM എന്നിവ കാണുക).

ഇതിനെത്തുടർന്ന് കേരളത്തിൽ തുടർന്നും self generation duty വാങ്ങുന്നതിന്റെ അടിസ്ഥാനം എന്തെന്ന് അറിയുവാൻ വിവരാവകാശ നിയമം 2005 അനുസരിച്ച് ചീഫ് ഇലക്ട്രിസിറ്റി ഇൻസ്പെക്ടറിൽ നിന്ന് കിട്ടിയ വിവര പ്രകാരം കേരളം ഇലക്ട്രിസിറ്റി ഡ്യൂട്ടി നിയമം 1963 അനുസരിച്ചാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി, self generation duty എന്നിവ പിരിച്ചെടുക്കുന്നതെന്നും 2003 ലെ ഇലക്ട്രിസിറ്റി നിയമത്തെ തുടർന്നും കേരളത്തിലെ നിയമത്തിൽ മാറ്റം വരുത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇപ്പോഴും self generation duty വാങ്ങുന്നതെന്നും ഇതിന് മാറ്റം വരുത്താനാവശ്യമായ നിയമ ഭേദഗതികൾക്ക് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നുണ്ടെന്നും വിവരം കിട്ടി. മാത്രമല്ല സ്വയം ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഊർജ്ജത്തിന് മാത്രമേ ഈ ഡ്യൂട്ടി ബാധകമാവൂ എന്നും ഉല്പാദിപ്പിച്ച മുഴുവൻ ഊർജ്ജവും KSEBL ഗ്രിഡിലേയ്ക്ക് നൽകുകയാണെങ്കിൽ ആ ഊർജ്ജത്തിന് ഈ ഡ്യൂട്ടി നൽകേണ്ടതില്ലെന്നും വിവരം ലഭിച്ചു.

RTS സ്ഥാപിച്ച ശേഷം എനിക്കെ കിട്ടിയ ബില്ലുകൾ പരിശോധിചതിൽ ഞാൻ ഉല്പാദിപ്പിച്ച മുഴുവൻ ഊർജ്ജത്തിനും GD ഈടാക്കിയതായി കണ്ടു. നിയമപരമായി ഉല്പാദിപ്പിച്ചതിൽ നിന്നും ഞാൻ ഉപയോഗിച്ച ഊർജ്ജത്തിന് GD ഈടാക്കാനുള്ള അനുമതി മാത്രമാണ് KSEBL നുള്ളത്. ആയതിനാൽ ഇക്കാര്യം ഞാൻ 20.05.2024 നു ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഒരു പരാതിയായി കൊടുത്തു. അധികമായി ഈടാക്കിയ തുക തിരിച്ച് തരണമെന്നും ആവശ്യപ്പെട്ടു. ഇതിന് ബന്ധപ്പെട്ടവർ 4.6.24 ന് തന്ന മറുപടിയിൽ ബില്ലിംഗ് software ൽ മാറ്റം വരുത്താൻ തങ്ങൾക്ക് അധികാരം ഇല്ലെന്നും വിവരം മേലുദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട് എന്നും മറുപടി.

സെക്ഷൻ ഓഫീസിൽ നിന്നുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ 8.6.24 ന് ഉത്തരമേഖലാ CGRF ന് പരാതി കൊടുത്തു. 10/2023 മുതൽ 6/2024 വരെയുള്ള കാലത്തെ മാസ ബില്ലിൽ അനധികൃതമായി എന്റെ കയ്യിൽ നിന്നും ഈടാക്കിയ GD തുക തിരിച്ചു തരണമെന്നും ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച 7.8.24 ന് CGRF ഹിയറിങ് നടത്തി അതനുസരിച്ച് 13.08.24 ന് ഉത്തരവും നൽകി. CGRF ന്റെ ഉത്തരവ് നിരവധി കാരണങ്ങളാൽ അംഗീകരിക്കത്തക്കതല്ല.

1. അനധികൃതമായിട്ടാണ് KSEBL , ഉല്പാദിപ്പിച്ച മുഴുവൻ യൂണിറ്റിനും GD ഈടാക്കിയത്.

2. കേരള സർക്കാർ നിയമമായ Kerala Electricity Duty Act 1963 പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കൊടുത്ത നിർദ്ദേശ പ്രകാരവും ഉല്പാദിപ്പിച്ചു ഉപയോഗിച്ച യൂണിറ്റിന് മാത്രമേ GD ഈടാക്കാൻ കഴിയൂ. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം അവഗണിച്ചത് KSEBL ആയതിനാൽ CGRF ന്റെ നിർദ്ദേശം അപ്രായോഗികമാണ് .

3. GD യുടെ നിരക്ക് 1.2 പൈസയിൽ നിന്ന് 15 പൈസയാക്കി വർധിപ്പിച്ച അവസരത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ KSEBL നു കൊടുത്ത 27-3-24 ലെ കത്തിലും ഇതനുസരിച്ച് KSEBL ധനകാര്യ ഉപദേഷ്ടാവ് 1.4.2024 ന് ചീഫ് എഞ്ചിനീയർക്ക് കൊടുത്ത കുറിപ്പിലും ഉല്പാദിപ്പിച്ച് ഉപയോഗിച്ച ഊർജ്ജത്തിനു മാത്രമേ GD ഈടാക്കാവൂ എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ തെറ്റിച്ച് , software ഇൽ മാറ്റം വരുത്താത്തതിന് ഉപഭോക്താക്കൾ ഉത്തരവാദി അല്ല.

4. ഒരു പരാതിക്കാരനെ ബാധിക്കുന്നതാണെങ്കിലും എല്ലാ ഉപഭോക്താക്കളെ ബാധിക്കുന്നതാണെങ്കിലും നീതി പൂർവ്വമായ ഉത്തരവ് പുറപ്പെടുവിക്കാനാണ് കോടതികൾ ശ്രമിക്കേണ്ടത്. ഇത് ചെയ്യാത്ത "നയപരമായ കാര്യം " എന്ന് മുദ്ര കുത്തുന്നത് നീതിക്ക് നിരക്കുന്നതല്ല.

ആയതിനാൽ നിയമവിരുദ്ധമായി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കിയ self generation duty തിരിച്ചു കൊടുക്കാനും ഈ വിഷയവുമായി എനിക്ക് വന്ന കഷ്ടനഷ്ടങ്ങൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകണമെന്നും അപേക്ഷിക്കുന്നു .

## <u>എതിർക്കക്ഷിയുടെ വാദം</u>

മലപ്പുറം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ 1165558017023 എന്ന കൺസ്യൂമർ നമ്പറിലായി ശ്രീ.മുഹമ്മദ് ഇബ്രാഹിം, കൊന്നോല, കണ്ണത്തുപാറ, ഡൗൺഹിൽ (പി.ഒ), പിൻ - 676519 എന്നിവരുടെ ഉടസ്ഥതയിലുള്ള വൈദ്യുതി കണക്ഷന്റെ പ്രമിസസിലുള്ള 3 KW പുരപ്പുറ സൗരവൈദ്യുതി ഉല്പാദന സംവിധാനം (RTS Private Model) 11-09-2023 തിയതി മുതൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ ശൃംഖലയുമായി ഘടിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രസ്യൂമറിന്റെ 11-09-2023 തിയതി മുതൽക്ക് 31-03-2024 തിയതി വരെയുള്ള കാലപരിധിയിൽ Generation unit - ന് 1.2 പൈസ

നിരക്ക് പ്രകാരവും, 01-04-2024 തിയതി മുതൽ 01-08-2024 തിയതി വരെയുള്ള കാലപരിധിയിൽ 15 പൈസ നിരക്ക് പ്രകാരവുമാണ് പ്രതിമാസ വൈദ്യുതി ബില്ലുകളിൽ Generation Duty (GD) ഈടാക്കിയിരിക്കുന്നത്. Kerala Electricity Duty Act 1963 ലെ ചട്ടം 5 A, 3, 4 എന്നിവ പ്രകാരം ഊർജ്ജം ഉല്പാദിപ്പിച്ച് ഉപയോഗിച്ചാലോ, വില്പ്പന നടത്തിയാലോ, ഡ്യൂട്ടി പിരിക്കുവാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ലൈസൻ സികളിലൂടെ സർക്കാരിന് അധികാരമുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലുള്ള KSEB Limited Orumanet billing software പ്രകാരമാണ്, പ്രസ്തുത Generation Duty (GD) Demand ചെയ്തിട്ടുള്ളത്. 1165558017023 എന്ന കൺസ്യൂമർ നമ്പറിലെ പ്രമിസസിലെ സൗരവൈദ്യുതി ഉല്പാദനത്തിൽ നിന്നുള്ള വൈദ്യുതിയുടെ ഒരു ഭാഗം, വീട്ടിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും, ബാക്കിയുള്ളത് ഗ്രിഡിലേക്ക് നല്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഗ്രിഡിലേക്ക് നല്കുന്ന വൈദ്യുതിക്കുള്ള വിലയായി, ഓരോ വർഷവും നിശ്ചയിക്കപ്പെട്ട തോത് പ്രകാരമുള്ള Solar Bank Settlement Incentive പ്രൊസ്യൂമറിന് നല്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഉൽപാദിപ്പിച്ചു ഉപയോഗിക്കുകയും, വിൽപ്പന നടത്തുകയും ചെയ്തിട്ടുള്ള വൈദ്യുതിക്കാണ് - Generation Duty ഈടാക്കിയിരിക്കുന്നത് എന്നുള്ള പരാതിക്കാരന്റെ വാദം തെറ്റിധാരണയിൽ നിന്നുണ്ടായതാണെന്ന് കാണാവുന്നതാണ്.

നിലവിൽ 2024 ആഗസ്റ്റ് മാസം മുതൽക്കുള്ള വൈദ്യുതി ബില്ലുകളിൽ സൗരോർജ സ്രോതസ്സുകളിൽ നിന്നും ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വൈദ്യുതിക്ക് Generation Duty ഈടാക്കുന്നത് Kerala Government Gazette date 08/Leg.A2/2024/Law dated 29-07-2024 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട വടക്കൻ മേഖല കൺസ്യൂമർ ഗ്രീവൻസ് റീഡ്രസ്സൽ ഫോറം മുമ്പാകെ ഹർജിക്കാരൻ നൽകിയ ഒ.പി നമ്പർ 26/2024-25 പരാതിയിൽ 2024 ഓഗസ്റ്റ് 13 തിയ്യതിയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുകൂലമായി പ്രസ്തുത പരാതിയിൽ ഇടപെടുവാൻ ബഹുമാനപ്പെട്ട ഫോറത്തിന് അധികാരമില്ല എന്ന് കാണിച്ചു പ്രസ്തുത പരാതി തള്ളിക്കളഞ്ഞതായി ഉത്തരവ് നൽകിയിരുന്നു. യഥാർത്ഥ വസ്തുതകൾ ഇപ്രകാരമായിരിക്കെ എതിർകക്ഷി സമർപ്പിക്കുന്ന ഈ ആക്ഷേപം കണക്കിൽ എടുത്ത് ഈ പരാതി തള്ളി ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിച്ചു കൊള്ളുന്നു

## പരാതിക്കാരന്റെ എതിർവാദം

എതിർകക്ഷി ഉന്നയിച്ച വാദങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണ്. 1963 ലെ Kerala Electricity Duty നിയമം വകുപ്പ് 5 A പ്രകാരം ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഊർജ്ജത്തിനാണ് ജനറേഷൻ ഡ്യൂട്ടി ബാധകമാവുന്നത്. ഇത് എതിർകക്ഷി തന്നെ സമർപ്പിച്ച നിയമം പ്രതിപാദിക്കുന്ന രേഖകളിലെ ഷെഡ്യൂളുകളിൽ 5-10 നമ്പറായി കൊടുത്ത രേഖയിലും പരാതിയോടൊപ്പം പരാതിക്കാരൻ ഹാജരാക്കിയില്ല. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27-3-2024 ലെ കത്തിലും KSEBL സാമ്പത്തിക ഉപദേഷ്ടാവിന്റെ 1.4.2024 ലെ കുറിപ്പിലും വ്യക്തമാണ്. ഇതിനെ "ഊർജം ഉല്പാദിപ്പിച്ച് ഉപയോഗിക്കുക മാത്രമല്ല വില്പന

നടത്തിയാലോ " എന്ന രീതിയിൽ വ്യാജമായി വ്യാഖ്യാനിക്കുകയാണ് എതിർ കക്ഷി ചെയ്തിട്ടുള്ളത്. ആ നിലയിൽ എതിർകക്ഷിയുടെ പത്രിക തള്ളിക്കളയണമെന്ന് അപേക്ഷിക്കുന്നു.

കൂടാതെ പരാതിക്കാരൻ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതും അപ്രസക്തമായ കാര്യങ്ങളാണ്. അഥവാ ഉപയോഗിച്ച് ബാക്കിയുള്ള വൈദ്യുതി KSEBL ഗ്രിഡിലേയ്ക്ക് നല്കുന്നു. ഇതിന് Solar Bank Settlement incentive നൽകുന്നു. Generation Duty 29.07.2024 ലെ വിജ്ഞാപന പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണെന്നാണ് എതിർകക്ഷി ബോധിപ്പിച്ചത്.

20.05.2024 ന് എതിർകക്ഷി യ്ക്ക് കൊടുത്ത പരാതിക്ക് ലഭിച്ച എതിർകക്ഷിയുടെ 4.6.2024 ലെ മറുപടിയിൽ ജനറേഷൻ ഡ്യൂട്ടി ഈടാക്കുന്നത് KSEBL ന്റെ ഒരുമ software അടിസ്ഥാനമാക്കിയാണെന്നും, ഇതിൽ മാറ്റം വരുത്താൻ തുടർ നടപടിയ്ക്ക്. എന്റെ പരാതി KSEBL ന്റെ കോർപ്പറേറ്റ് ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. കൈമാറിയതിന്റെ രേഖകളൊന്നും തന്നിട്ടുമില്ല. ആ നിലയ്ക്ക് KSEBL ന്റെ കോർപ്പറേറ്റ് ഓഫീസിനെ കൂടി ഇക്കാര്യത്തിൽ എതിർ കക്ഷിയാക്കണമെന്ന് ആവശ്യപ്പെടുന്നു.

നിയമപ്രകാരമുള്ള ജനറേഷൻ ഡ്യൂട്ടി ഈടാക്കാൻ Oruma software സംവിധാനിക്കേണ്ടതിന്റെ ഉത്തരവാദിത്തം എതിർകക്ഷിക്കും KSEBL കോർപ്പറേറ്റ് ഓഫീസിനും ആണെന്നിരിക്കെ നിയമവിരുദ്ധമായി generation duty ഈടാക്കിയ എതിർകക്ഷിയുടെ പ്രവർത്തനം കാരണം വന്ന വിവിധ കഷ്ട നഷ്ടങ്ങൾക്ക് ഉചിതമായ നഷ്ടപരിഹാരം അനുവദിക്കണമെന്നും തെറ്റായ നിലയിൽ എതിർകക്ഷി ബോധിപ്പിച്ച കാര്യങ്ങൾ തള്ളിക്കളയണമെന്നും അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 08/11/2024-ന് രാവിലെ 12:00-ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ വൈദ്യുതി ഭവനം കെ.എസ്.ഇ ബോർഡ് ലിമിറ്റഡ്, തൃശ്ശൂരിൽ വെച്ച് നടന്നു. പരാതിക്കാരന്റെ ഭാഗത്തുനിന്നും ശ്രീ. മുഹമ്മദ് ഇബ്രാഹിം എതിർ കക്ഷിയായ ശ്രീ. സുബ്രഹ്മണ്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മലപ്പുറം എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരാതിക്കാരനായ ശ്രീ . മുഹമ്മദ് ഇബ്രാഹിം 3KW സ്ഥാപിത ശേഷിയുള്ള ഒരു സോളാർ പ്ലാന്റ് പുരപ്പുറത്ത് സ്ഥാപിക്കുകയും ലൈസൻസിയായ KSEBL ന്റെ വൈദ്യുത ശൃംഖലയുമായി 11/09/23 ൽ ബന്ധിപ്പിക്കുകയും ചെയ്തു. ഈ പ്രോസ്യൂമറിൽ നിന്ന് ലൈസൻസി Electricity Duty, പ്ലാന്റ് സ്ഥാപിച്ച തീയതി മുതൽ ഈടാക്കി വന്നിരുന്നു. 11/09/2023 മുതൽ 31/03/2024 വരെയുള്ള കാലയളവിൽ ഉല്പാദിപ്പിച്ച മുഴുവൻ യൂണിറ്റിനും 1.2 പൈസ നിരക്കിലും

01/04/2024 മുതൽ 01/08/2024 വരെ ഉല്പാദിപ്പിച്ച മുഴുവൻ യൂണിറ്റിനും 15 പൈസ നിരക്കിലും ആണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കിയിരുന്നത്. എന്നാൽ കേരളസർക്കാരിന്റെ 29/07/2024 ലെ ഉത്തരവ് പ്രകാരം സോളാർ പ്ലാന്റ് കളെ Electricity Duty ൽ നിന്ന് ഒഴിവാക്കിയിരുന്നു. അതിൻ പ്രകാരം 8/2024 മുതൽ സോളാർ പ്ലാന്റിന് ജനറേഷൻ ഡ്യൂട്ടി ബാധകമല്ലായിരിക്കുന്നു.

കേരളസർക്കാരിന്റെ 1963 ലെ The Kerala Electricity Duty Act പ്രകാരമാണ് സംസ്ഥാനത്ത് Electricity Duty ഈടാക്കിവരുന്നത്. ഈ നിയമത്തിലെ Chapter II Clause 3 & 4 താഴെപറയും പ്രകാരമാണ്.

*3.* ***LEVY OF ELECTRICITY DUTY ON CERTAIN SALES OF ENERGY BY LICENSEES:-***

*(1) Save as otherwise provided in sub-section (2) every licensee in the State of Kerala shall pay every month to the Government in the prescribed manner, a duty calculated at 6 Naya Paise per unit on energy sold at a price of more than 12 Naya paise per unit. Provided that no duty under this sub-section shall be payable by the Kerala State Electricity Board on the energy sold by it to another licensee.*

*(2) Where a licensee holds more than one licence, duty shall be calculated and levied under this section separately in respect of each license.*

*(3) The duty under this section on the sales of energy should be borne by the licensee and shall not be passed on to the consumer.*

*4.* ***LEVY OF ELECTRICITY DUTY ON CONSUMERS:-*** *Every consumer belonging to any of the classes specified in column (2) of the schedule shall pay every month to the Government in the prescribed manner a duty calculated at the rate specified against that class in column (3) thereof. Provided that in cases where the supply of energy to a consumer is regulated by an agreement entered into between the Government or the licensee and the consumer it shall be competent for the Government either to reduce the rate at which duty is liveable on such consumer or to exempt such consumer from payment of duty under this section subject to such terms and conditions as may be imposed by the Government.*

| SCHEDULE (See Section 4). | | |
|---|---|---|
| *Column (1) Item.* | *Column (2) Class of consumers.* | *Column (3) Rates of Duty.* |
| *1* | *Domestic and commercial consumer consuming energy for purposes like lighting and combined installation of lights and fans, radios, refrigerators, small cookers, air conditioning plants, heaters, pumps, all electric homes, cinematograph installations and motion picture studios.* | *10 Percent of the price of energy indicated in the invoice* |
| *2* | *Public lighting* | *Nil.* |
| *3* | *Consumers of energy for agriculture purposes.* | *10 percent of the price of energy indicated in the invoice.* |
| *4* | *INDUSTRIAL CONSUMERS. (a)Consumers taking supply of energy at points below 11 kV. (b)Consumers taking supply of energy at 11 KV and above* | *10 percent of the price of energy indicated in the invoice. **10 paise per unit of energy consumed".* |
| *5* | *Consumers who generate and consume energy for their own consumption.* | *1.2 paise per unit of energy generated and consumed* |

**inserted videThe Kerala Electricity Duty (Amendment ) Act1969. (Act 30 of 1969) **substituted vide The Kerala Electricity Duty (Amendment ) Act 1989. (Act 10 of 1989)*

ഇതിൽ Schedule ലെ item 5 പ്രകാരം ഉപഭോക്താക്കൾ ഉല്പാദിപ്പിച്ച് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കാണ് ഡ്യൂട്ടി നൽകേണ്ടത് എന്ന് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. മാത്രവുമല്ല 27/03/24 ൽ Chief Electrical Inspector എല്ലാ ലൈസൻസികൾക്കുമായി നൽകിയിരിക്കുന്ന സർക്കുലറിലും "Duty to be levied from consumers generating electricity for their own consumption " എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ സർക്കുലറിനെ ആധാരമാക്കി 1/04/24 ൽ KSEBL ന്റെ Financial Adviser ചീഫ് എൻജിനീയർക്കും special officer Revenue നും നൽകിയിട്ടുള്ള കത്തിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. Solar Plant ൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഏറിയ പങ്കും ഉപഭോക്താവ് ഉപയോഗിക്കുകയും ബാക്കിയുള്ള വൈദ്യുതി ലൈസൻസിയുടെ ഗ്രിഡിലേയ്ക്ക് പോകുകയും ചെയ്യുന്നു. ഇങ്ങനെ പോകുന്ന വൈദ്യുതി ഗ്രിഡിലൂടെ മറ്റ് ഉപഭോക്താക്കൾ ഉപയോഗിക്കുന്നു. അങ്ങനെ മറ്റു

ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് 10% എന്ന നിരക്കിൽ Electricity Duty ഈടാക്കുകയും ചെയ്യുന്നു. ഇങ്ങനെ ഓരോ മാസവും ഗ്രിഡിലേയ്ക്ക് നൽകി ഉപഭോഗം കഴിഞ്ഞ് ബാക്കിയുള്ളതിനെയാണ് Banked power ആയി കണക്കാക്കുന്നു. ഇത്തരം Banked power ന് രണ്ടു duty ഈടാക്കുന്നതായി കാണാം. അതായത് generate ചെയ്യുന്ന മുഴുവൻ യൂണിറ്റിനും Prosumer ൽ നിന്നും ഡ്യൂട്ടി ഈടാക്കുന്നു എന്ന് മാത്രമല്ല ഈ banked power മറ്റു ഉപഭോക്താക്കൾക്ക് വിൽക്കുന്നതു വഴി അവരിൽ നിന്നും duty ഉപഭോക്താക്കൾക്ക് ബാധകമായ നിരക്കിൽ അതായത് 10% നിരക്കിൽ ഈടക്കുകയും ചെയുന്നു. അങ്ങനെ Banked Energy യ്ക്ക് double duty ബാധകമാകുന്നു . ഇത് സാമാന്യ നീതിയ്ക്ക് നിരക്കുന്നതല്ല.

എതിർകക്ഷി അത് സമ്മതിയ്ക്കുമ്പോഴും Oruma net സംവിധാനത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ യൂണിറ്റിനും duty ഈടാക്കത്തക്ക രീതിയിലാണ് ചെയ്തിരിക്കുന്നത്. അതിനാലാണ് ഈ രീതിയിൽ ഡ്യൂട്ടി ഈടാക്കുന്നത് എന്ന് പറയുകയുണ്ടായി. മേൽ പ്രസ്താവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം എന്തുകൊണ്ട് Oruma net ൽ വേണ്ട തിരുത്തലുകൾ വരുത്തിയില്ല എന്ന ചോദ്യത്തിന് ഉത്തരമില്ലായിരുന്നു. ഇതിൽ നിന്നും ഉപഭോക്താവ് ഉല്പാദിപ്പിച്ച് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമേ duty ബാധകമാകുന്നുള്ളു എന്ന് തെളിയുന്നു.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ഉപഭോക്താവ് ഉല്പാദിപ്പിച്ച് സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിക്ക്' മാത്രമേ Generation Duty ഈടാക്കാൻ പാടുള്ളു.
2. Bank ചെയ്ത വൈദ്യുതിയ്ക്ക് ഈടാക്കിയിട്ടുള്ള Generation Duty തിരികെ നൽകേണ്ടതാണ്.
3. ഈ ഉത്തരവ് കിട്ടി രണ്ടാഴ്ച്ചയ്ക്കകം തീരുമാനം നടപ്പിലാക്കേണ്ടതാണ്.
4. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/062/2024/ തീയതി: 19/11/2024.

**അയക്കുന്നത്:**

1. ശ്രീ. മുഹമ്മദ് ഇബ്രാഹിം,കൊന്നോലവീട് ,കണ്ണത്തുപാറ, ഡൗൺഹിൽ പി.ഒ ,മലപ്പുറം - 676519

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, മലപ്പുറം

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കോഴിക്കോട് - 673032